"വയനാട് ജില്ലയിലെ വെള്ളപ്പൊക്കക്കെടുതികൾ"

45 [659] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വെള്ളപ്പൊക്കംമൂലം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കെടുതികൾക്കിരയായവർക്ക് സഹായം പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം ഇനത്തിൽ എത്ര തുകയ്ക്കുള്ള സഹായമാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ഡി) നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) വെള്ളപ്പൊക്കംമൂലം സംഭവിച്ച നാശനഷ്ടങ്ങൾ:

കൃഷിനാശം	..	124,51,790.00
വീട്	..	34,28,900.00
ആകെ	..	158,80,690.00

(ബി) ദുരിതാശ്വാസ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അർഹമായ സഹായം വിതരണം ചെയ്യുന്നതാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) വയനാട് ജില്ലയിൽ 158,80,690 രൂപയുടെ നാശനഷ്ടം സംഭവിച്ചതായി പ്രാഥമികമായി കണക്കാക്കുന്നു.

"കാസർഗോഡ് ജില്ലയിൽ കൃഷിനാശവും വീടും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം"

46 [660] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷം ശക്തമായി ഉണ്ടായ കാസർഗോഡ് ജില്ലയിലെ മലയോര മേഖലകളിൽ വീടുകൾ തകർന്നും, വ്യാപകമായ കൃഷിനാശവും ഉരുൾപൊട്ടലുംമൂലവും ജനങ്ങൾ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷിനാശവും വീടും നഷ്ടപ്പെട്ടവർക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകി സംരക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly